# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂലായ് 1, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 307)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 4776 മുതൽ 4885 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 4886 മുതൽ 4947 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | 4948 മുതൽ 5053 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 5054 മുതൽ 5082 വരെ |

## പൊതു സേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം

4776 ശ്രീ. സി. പി. മുഹമ്മദ്
'' തേറമ്പിൽ രാമകൃഷ്ണൻ
'' കെ. ശിവദാസൻ നായർ
'' ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുസേവനത്തിനുള്ള നൂതനാശയങ്ങൾക്ക് പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സംരംഭങ്ങൾക്കാണ് പുരസ്കാരങ്ങൾ വിതരണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പുരസ്കാരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് യു.എന്നിന്റെ പ്രശംസ</u>

4777 ശ്രീ. എ. റ്റി. ജോർജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാനവശേഷി വികസനത്തിലൂടെ വളർച്ചയും പ്രതിശീർഷ വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രവർത്തനത്തിന് യു.എൻ.ന്റെ പ്രശംസ നേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ പ്രവർത്തനം മാതൃകാപരമാണെന്ന് വിലയിരുത്തുന്നതിന് എന്തെല്ലാം പഠനങ്ങളാണ് യു.എൻ. നടത്തിയതെന്ന് അറിയാമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലകളിലാണ് വിലയിരുത്തൽ നടത്തിയത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് എത്ര പ്രാവശ്യം സംസ്ഥാനത്തിന് യൂ.എൻ.ന്റെ പ്രശംസയും അംഗീകാരവും ലഭിക്കുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര ഫണ്ട് നേരിട്ട് കൈമാറുന്ന രീതി</u>

4778 ശ്രീ. അബ്ദുസ്സമദ് സമദാനി
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മോയിൻകുട്ടി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര ഫണ്ട് നേരിട്ട് കൈമാറുന്ന രീതി അവലംബിച്ചതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ഏജൻസികൾക്കാണ് ഇത്തരത്തിൽ നേരിട്ട് ഫണ്ട് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിന്റെ ആഡിറ്റിംഗ് സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ പുതിയ ജനസമ്പർക്ക പരിപാടി</u>

4779 ശ്രീ. പി. എ. മാധവൻ
'' കെ. മുരളീധരൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പുതിയ ജനസമ്പർക്ക പരിപാടി നടത്തുന്നതിനുള്ള തീയതികൾ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടികളുടെ തിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ജനസമ്പർക്ക പരിപാടികൾക്ക് മുൻപ് പരാതികൾ നൽകാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) കിട്ടുന്ന പരാതികൾ സ്വീകരിക്കുവാനും അവയ്ക്ക് പരിഹാരം കാണുവാനും ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി</u>

4780 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച പരാതികളിൽ എത്ര എണ്ണം പരിഹരിക്കുവാൻ ബാക്കിയുണ്ട്; വകുപ്പ് തിരിച്ച് വിശദമാക്കുമോ;

(ബി) ജനസമ്പർക്ക പരിപാടിയുടെ രണ്ടാം ഘട്ടം എന്നുമുതലാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

കൊല്ലം ജില്ലയിലെ ജനസമ്പർക്ക പരിപാടി

4781 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ കൊല്ലം ജില്ലയിൽ നിന്ന് ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാത്തവ എത്രയെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തീർപ്പാക്കാത്ത അപേക്ഷകളിൽ ഇനി എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ജനസമ്പർക്ക പരിപാടി നടത്തുന്നതിന് ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രി ചെയർമാനായ ചാരിറ്റിബിൾ ട്രസ്റ്റ്</u>

4782 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ചെയർമാനായ ഒരു ചാരിറ്റബിൾ ട്രസ്റ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതാണ്; എവിടെയാണ് പ്രസ്തുത ട്രസ്റ്റ് പ്രവർത്തിക്കുന്നത് ;

(സി) പ്രസ്തുത ട്രസ്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ട്രസ്റ്റിൽ മുഖ്യമന്ത്രിയെ കൂടാതെയുള്ള മറ്റംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത ട്രസ്റ്റിന് സർക്കാർ ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെടാനുള്ള സംവിധാനങ്ങൾ</u>

4783 ശ്രീ.മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുവാൻ സംസ്ഥാന സർക്കാരിന് ഡൽഹിയിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന് നിലവിൽ ഡൽഹിയിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ ക്രമീകരിച്ചിട്ടുള്ള സംവിധാനങ്ങൾ ഉപയോഗിക്കാതെ മന്ത്രിമാർ ബാഹ്യസംവിധാനങ്ങളെ ആശ്രയിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>പുതിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ</u>

4784 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അവ ഏതൊക്കെയെന്നും എവിടെയൊക്കെയാണ് അവ ആരംഭിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

## <u>ഇടുക്കി പാക്കേജ്</u>

T4785 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജ് നിലവിൽ വന്നത് എന്നാണ് എന്നും പാക്കേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ;

(ബി) പാക്കേജുമായി ബന്ധപ്പെട്ട് ഏതെല്ലാം വകുപ്പുകൾ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇടുക്കി പാക്കേജിന്റെ കാലാവധി എന്നുവരെയാണ് എന്നും കാലാവധി ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സംവരണ പ്രകാരം ജോലി ലഭിക്കാൻ നടപടി</u>

4786 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പിന്നോക്ക വിഭാഗക്കാർക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും നിശ്ചയിച്ച സംവരണ പ്രകാരം ജോലി ലഭ്യമായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം സമുദായക്കാർക്കാണ് സംവരണാനുകൂല്യം നഷ്ടമായിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) നഷ്ടപ്പെട്ടിട്ടുള്ള വിഭാഗത്തിന് സംവരണം നല്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് ജാതി സംവരണം

4787 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് ജാതിസംവരണം ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ</u>

4788 ശ്രീ.കോലിയക്കോട്. എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതിയുടെ 'വിശാഖ' കേസിന്റെ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള വിവിധങ്ങളായ പീഡനങ്ങൾ തടയുന്നതിന് സർക്കാർ ഓഫീസുകളിൽ രൂപീകരിച്ച പെറ്റീഷൻ കമ്മറ്റികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും എല്ലാ ഓഫീസുകളിലും പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) 2012 മുതൽ പ്രസ്തുത കമ്മിറ്റികളുടെ മുന്നിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും, ഏതെല്ലാം ഓഫീസുകളിലെ ആരെല്ലാമാണ് പരാതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ:

(ഡി) ഇരയുടെ മൊഴിക്ക് പ്രാധാന്യം നൽകാതെ ഏകപക്ഷീയമായി ഏതെങ്കിലും കമ്മിറ്റിയോ, ഏതെങ്കിലും കമ്മീഷനോ റിപ്പോർട്ട് സമർപ്പിച്ചതു മൂലം പ്രതി കുറ്റവിമുക്തനാവുകയും പരാതികാരിക്ക് നീതി ലഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടോ;

(ഇ) ഇത്തരം റിപ്പോർട്ടുകൾ തള്ളിക്കളഞ്ഞ് കോടതി അനുശാസിക്കുന്ന തരത്തിൽ ഇരയ്ക്ക് നീതി ലഭ്യമാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ കേരളത്തിന് വെളിയിലുള്ള സ്വകാര്യ പരിപാടികൾ</u>

4789 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി കേരളത്തിനു വെളിയിൽ പങ്കെടുത്തിട്ടുള്ള സ്വകാര്യ പരിപാടികൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പരിപാടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഭരണഭാഷ മലയാളം</u>

4790 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഏതെല്ലാം വകുപ്പുകളിലാണ് ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ കോടതികളിൽ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ വ്യവഹാരഭാഷ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ഫയലുകൾ പൂർണ്ണമായും കൈകാര്യം ചെയ്യുന്നത് മലയാളഭാഷയിലാണോ; അല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ;

(ഇ) ഫയലുകൾ പൂർണ്ണമായും മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്ത് പ്രോത്സാഹനമാണ് നൽകുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ചെങ്ങറ പുനരധിവാസ കേന്ദ്രത്തിലെ പദ്ധതികൾ</u>

4791 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചെങ്ങറ പുനരധിവാസ കേന്ദ്രത്തിലെ നിർദ്ധന കുടുംബങ്ങൾക്ക് എന്തൊക്കെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കി, ഏതൊക്കെ നടപ്പിലാക്കാനുണ്ട് എന്നത് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) നടപ്പിലാക്കുവാനുള്ള പ്രവൃത്തികൾ ഏതെങ്കിലും നിലച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

വിരമിക്കുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന സംവിധാനം

4792 ശ്രീ. പി. എ. മാധവൻ
,, എ. പി. അബ്ദുളളക്കുട്ടി
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിരമിക്കുന്ന ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തുന്ന സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം മേഖലകളിലുളളവരെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സര്‍വ്വീസിലിരുന്ന ഉദ്യോഗസ്ഥര്‍ക്ക് ഐ. എ. എസ്. നല്കുന്നതിന് നടപടി</u>

4793

ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് സംസ്ഥാന സര്‍വ്വീസിലിരുന്ന എത്ര ഉദ്യോഗസ്ഥന്മാരെ ഐ. എ. എസിന് തെരഞ്ഞെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ജീവനക്കാരുടെയും അദ്ധ്യാപകരുടെയും
ശമ്പളപരിഷ്കരണം

4794 ശ്രീ. എ. കെ. ബാലൻ
'' എം. ചന്ദ്രൻ
'' വി. ശിവൻകുട്ടി
'' എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളപരിഷ്കരണം പത്ത് വർഷത്തിലൊരിക്കലാക്കാനുള്ള പൊതുചെലവ് അവലോകന കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധമായ നിലപാട് വ്യക്തമാക്കുമോ;

(ബി) അടുത്ത ശമ്പള പരിഷ്കരണം ഏത് തീയതി മുതൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; അതിനായി കമ്മീഷനെ നിയോഗിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വിവിധ സർക്കാർ വകുപ്പുകളിലെ ജോലിഭാരത്തിലെ അന്തരം</u>

4795 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളരെ ജോലിഭാരം കൂടിയതും ജോലിഭാരം തീരെയില്ലാത്തതുമായ സർക്കാർ വകുപ്പുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ജോലി ഭാരം കുറഞ്ഞ വകുപ്പുകളിൽ നിന്നും ജോലി ഭാരം കൂടിയ വകുപ്പുകളിലേക്ക് ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വിഭിന്നശേഷിയുള്ളവരുടെ സർവ്വീസ് സീനിയോറിറ്റി</u>

4796 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെന്റ് എക്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലിചെയ്തിരുന്ന വിഭിന്ന ശേഷിയുള്ളവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെ ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ സർവ്വീസ് കാലയളവ് എന്നുമുതലാണ് കണക്കാക്കുന്നുത്;

(സി) വിഭിന്നശേഷിയുള്ള പ്രസ്തുത ജീവനക്കാർ സർവ്വീസിൽ പുന:പ്രവേശിച്ച തീയതി അവരുടെ അഡ്വൈസ് തീയതിയായി കണക്കാക്കി സർവ്വീസ് കാലയളവായി നൽകുന്നത് പരിഗണിക്കുമോ;

(ഡി) ഇങ്ങനെ പുന:പ്രവേശിച്ച വിഭിന്നശേഷിയുള്ള പ്രസ്തുത ജീവനക്കാർക്ക് സാമൂഹ്യനീതി ലഭിക്കണമെങ്കിൽ 13-10-1999 ന് മുമ്പ് അവർ ജോലിയിൽ പുന;പ്രവേശിച്ച തീയതിക്ക് ശേഷം പി.എസ്.സിക്ക് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാത്തതും പുതുതായി വന്നതുമായ ഒഴിവുകൾ നൽകി ആ ഒഴിവ് നിലവിൽ വന്ന തീയതി മുതൽ പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് കാലയളവായി പരിഗണിക്കേണ്ടിയിരുന്നു എന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആയതിനാവശ്യമായ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്ത വികലാംഗർക്ക് സ്ഥിര നിയമനം**

4797 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കാലയളവുകളിൽ ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഇറക്കിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) 1994 ഓഗസ്റ്റ് മുതൽ 1996 ഡിസംബർ വരെ ജോലി ചെയ്ത വികലാംഗരെ മാത്രം സ്ഥിരപ്പെടുത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(ഇ) ഏറ്റവും പരിഗണന ലഭിക്കേണ്ട വികലാംഗർക്ക് രണ്ടുനീതി നൽകുന്ന ഉത്തരവുകൾ പിൻവലിക്കുന്നതിനും 1994 - 96 കാലയളവിൽ ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്-എൻട്രി കേഡർ സ്ട്രെങ്ത്</u>

4798 ശ്രീ. ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് എൻട്രി കേഡറിന്റെ സ്ട്രെങ്ത് എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ അസിസ്റ്റന്റ് എൻട്രി കേഡറിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഡെപ്യൂട്ടേഷൻ ഉൾപ്പെടെ എത്ര;

(സി) ടൈപ്പിസ്റ്റ്/സി.എ വിഭാഗങ്ങളിൽ നിന്നും തസ്തികമാറ്റം നേടിയ എത്ര പേർ അസിസ്റ്റന്റ് എൻട്രികേഡറിൽ ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം</u>

4799

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുഭരണ വകുപ്പിൽ എത്ര പേർക്ക് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി എന്ന് വ്യക്തമാക്കാമോ; ഇതിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചവർ എത്രയാണ്;

(ബി) മറ്റു വകുപ്പുകളിൽ ജോലിയിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്കായി എത്ര ശതമാനം ഒഴിവാണ് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ നീക്കിവച്ചിട്ടുള്ളത്; പ്രസ്തുത രീതിയിൽ നിയമനം നൽകിയതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>നിയമസഭ സാമാജികർക്ക് അധികമായി അനുവദിച്ച 2 അസിസ്റ്റന്റുമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നാവശ്യം</u>

4800 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭാ സാമാജികർക്ക് അധികമായി അനുവദിച്ച 2 അസിസ്റ്റന്റുമാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് സബോര്‍ഡിനേറ്റ് സര്‍വ്വീസില്‍നിന്നും മറ്റ് സര്‍വ്വീസിലേക്ക് പോയവര്‍ക്ക് സെക്രട്ടേറിയറ്റ് സര്‍വ്വീസില്‍ തിരികെ നിയമനം</u>

4801 ശ്രീ. കെ.എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്രട്ടേറിയറ്റ് സബോര്‍ഡിനേറ്റ് സര്‍വ്വീസില്‍നിന്നും ബി.ഡി.ഒ., ജൂനിയര്‍ എംപ്ലോയ്മെന്റ് ഓഫീസര്‍, ഹയര്‍ സെക്കന്ററി സ്കൂള്‍ ടീച്ചര്‍ തുടങ്ങിയ തസ്തികകളില്‍ നിയമനം ലഭിച്ച് പോയവര്‍ വര്‍ഷങ്ങള്‍ക്കുശേഷം തിരികെ സെക്രട്ടേറിയറ്റ് സര്‍വ്വീസില്‍ പ്രവേശിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായുള്ള എത്ര അപേക്ഷകള്‍ നിലവിലുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കോടതി കേസുകള്‍ നിലവിലുണ്ടോ; എങ്കില്‍ ഏതൊക്കെ കേസുകളാണ് നിലവിലുള്ളത്; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

**ക്ലാസ് ഫോർ ജീവനക്കാർക്ക് എല്ലാ വകുപ്പുകളിലും 10 ശതമാനം പ്രൊമോഷൻ**

4802

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ക്ലാസ് ഫോർ ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ നടപടി ഏതുവരെയായിട്ടുണ്ടെന്നറിയിക്കുമോ;

(ബി) സംസ്ഥാന സർക്കാർ സർവ്വീസിലെ ക്ലാസ് ഫോർ ജീവനക്കാരിൽ ബിരുദധാരികളും, ബിരുദാനന്തര ബിരുദധാരികളും വർഷങ്ങളായി അതേ തസ്തികയിൽ തന്നെ ജോലി ചെയ്തുവരികെ ഏതാനും വകുപ്പുകളിൽ പ്രസ്തുത തസ്തികയിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതേ മാനദണ്ഡത്തിൽ മറ്റ് വകുപ്പുകളിലും പ്രൊമോഷൻ നൽകുവാൻ എന്തെങ്കിലും നിയമതടസ്സമുണ്ടോ; എങ്കിൽ നിയമതടസ്സങ്ങൾ തീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാ വകുപ്പുകളിലും 10 ശതമാനം പ്രൊമോഷൻ നൽകാൻ തീരുമാനമായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കേരള ഹൗസിൽ നിയമിച്ചിട്ടുള്ളവർ</u>

4803 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂഡൽഹിയിലെ കേരള ഹൗസിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ; വിശദാംശം നൽകുമോ;

(ബി) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങളിലുള്ള ആരെല്ലാമാണ് കേരള ഹൗസിൽ ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും ഔദ്യോഗിക കാര്യങ്ങൾ നോക്കുന്നതിന് കേരള ഹൗസിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

4804 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം വഴി നിയമനം ലഭിക്കാനായി സർക്കാരിന്റെ ഉത്തരവ് ലഭ്യമായിട്ടും വിവിധ വകുപ്പുകളിൽ നിയമനം ലഭിക്കാതെ ഉദ്യോഗാർത്ഥികൾ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തൃശ്ശൂർ ജില്ലയിൽ ഏതൊക്കെ വകുപ്പുകളിലായി എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഉദ്യോഗാർത്ഥികൾക്ക് ഉടൻതന്നെ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനം</u>

4805 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനങ്ങൾ ഏതെല്ലാം വകുപ്പുകളിലും ബോർഡുകളിലും കമ്പനി, കോർപ്പറേഷനുകളിലും നൽകിവരുന്നു; വിശദമാക്കാമോ;

(ബി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആശ്രിത നിയമനങ്ങൾ നിലവിലുണ്ടോ;

(സി) എയ്ഡഡ് കോളേജുകളിൽ ആശ്രിത നിയമനങ്ങൾ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആശ്രിത നിയമനങ്ങൾ എയ്ഡഡ് കോളേജുകളിലും ബാധകമാക്കുവാൻ നിയമം കൊണ്ടുവരുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ</u>

4806 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്രിത നിയമനത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ വിവരം വകുപ്പ് തിരിച്ച് നൽകാമോ;

(ബി) ആശ്രിത നിയമനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി എടുത്ത നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആശ്രിതനിയമനത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പിൽ ചിന്നു പി. സന്തോഷിന് ആശ്രിത നിയമനം</u>

4807 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ൽ പബ്ലിക് ഹെൽത്ത് നഴ്സായി സേവനമനുഷ്ഠിക്കവെ നിര്യാതയായ സി. പത്മിനിക്കുട്ടിയുടെ മകൾ ചിന്നു പി. സന്തോഷിന് ആരോഗ്യവകുപ്പിൽ എൽ.ഡി. ക്ലർക്കായി ആശ്രിത നിയമനം കിട്ടുന്നതിനായി പ്രസ്തുത വകുപ്പിൽ നിന്നും ജി.ഒ (എം.എസ്) നം. 32/2012/എച്ച്&എഫ്.ഡബ്ല്യു.ഡി, 02/02/2012 ഉത്തരവായിട്ടുണ്ടെങ്കിലും ടിയാൾക്ക് ഇതുവരെ നിയമനം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആരോഗ്യ വകുപ്പിൽ എത്ര പേർക്കാണ് ആശ്രിത നിയമനം നൽകാനുള്ളത്?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>റോഡ് സ്ഥലമെടുപ്പിന്റെ പേരിൽ ദ്രോഹിച്ചതിനെതിരെ പരാതി</u>

4808 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡോക്ടർ പൽപ്പുവിന്റെ ചെറുമകൻ രവീന്ദ്രനാഥിന്റെ പുത്രി ആർ. ഷർമ്മിള, പുലിയന്നൂർ, പാലാ സിവിൽ സ്റ്റേഷൻ പാരലൽ റോഡിന്റെ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ മറവിൽ തങ്ങളുടെ കുടുംബത്തെ ദ്രോഹിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 21-05-2013 ൽ ഒരു സങ്കട ഹർജി നൽകിയിരുന്നോ;

(ബി) എങ്കിൽ ആ സങ്കട ഹർജിയുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കാമോ;

(സി) ആ സങ്കട ഹർജിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഐ. എ. എസ്സുകാരെ സംസ്ഥാന സര്‍വ്വീസിലേക്ക് കൊണ്ടു വരുന്നതിന് നടപടി</u>

4809 ശ്രീ.എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍വ്വീസിലേക്ക് ഐ. എ. എസ്. കാര്‍ കടന്നു വരുവാന്‍ വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) കൂടുതല്‍ മെച്ചപ്പെട്ട സേവനം സര്‍ക്കാരിന് ലഭ്യമാക്കുന്നതിന്, ഐ. എ. എസ് ഉദ്യോഗസ്ഥരെ സംസ്ഥാനത്ത് കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

**സൗരോർജ്ജ തട്ടിപ്പുകേസിലെ പ്രതികളെ അറസ്റ്റു ചെയ്യുന്നത് സംബന്ധിച്ച്**

4810 ശ്രീ. കെ. ദാസൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ആർ. രാജേഷ്
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജ തട്ടിപ്പുകേസിലെ പ്രതികളെയെല്ലാം അറസ്റ്റു ചെയ്തിട്ടുണ്ടോ; ഇനിയും അറസ്റ്റു ചെയ്യാൻ അവശേഷിക്കുന്നവർ ആരൊക്കെ;

(ബി) പ്രതി ബിജു രാധാകൃഷ്ണന്റെ പേരിലുള്ള കേസുകൾ എത്രയാണ്;

(സി) മുഖ്യമന്ത്രിയുമായി എറണാകുളത്ത് കൂടിക്കാഴ്ച നടക്കുമ്പോൾ ബിജു രാധാകൃഷ്ണനെതിരെ നിലവിലുണ്ടായിരുന്ന കേസുകൾ ഏതൊക്കെയായിരുന്നു; ഭാര്യയെ കൊലപ്പെടുത്തിയ കേസിൽ ബിജുവിനെതിരെയുള്ള കുറ്റങ്ങൾ എന്തെല്ലാമായിരുന്നു; ഫോറൻസിക് ലാബ് റിപ്പോർട്ട് ക്രൈംബ്രാഞ്ചിന് ലഭിച്ചത് എപ്പോഴായിരുന്നു;

(ഡി) ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രി ഏതെല്ലാം ഘട്ടങ്ങളിൽ ചർച്ച നടത്തുകയുണ്ടായി;

(ഇ) ബിജു രാധാകൃഷ്ണന്റെ കുടുംബപ്രശ്നത്തിൽ മുഖ്യമന്ത്രി നൽകിയ നിർദ്ദേശം എന്തായിരുന്നു; തദവസരത്തിൽ പരാതി വല്ലതും സ്വീകരിക്കുകയുണ്ടായോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തായിരുന്നു;

(എഫ്) മുഖ്യമന്ത്രി ബിജു രാധാകൃഷ്ണനുമായി എറണാകുളം ഗസ്റ്റ് ഹൗസിൽ ചർച്ച നടത്തിയത് എന്നായിരുന്നു; അതിനു മുമ്പ് ഇയാളെ മുഖ്യമന്ത്രിക്ക് അറിയുമായിരുന്നോ; കൂടെ ഉണ്ടായിരുന്നവർ ആരൊക്കെ; കൂടിക്കാഴ്ച തരപ്പെടുത്തിയത് ആരായിരുന്നു;

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

(ജി) സരിതാ നായരും ബിജു രാധാകൃഷ്ണനുമായി മുഖ്യമന്ത്രിക്ക് വ്യക്തിപരമായ ബന്ധം ഉണ്ടായിരുന്നുവോ; വ്യക്തിപരമായി സംസാരിച്ച വിവരം വെളിപ്പെടുത്താതിരിക്കുന്നത് പൊതുതാല്പര്യത്തിന് വിരുദ്ധമായതു കൊണ്ടാണോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മജിസ്ട്രേറ്റ് കോടതികൾ</u>

4811 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്ത് പുതിയതായി എത്ര മജിസ്ട്രേറ്റ് കോടതികളാണ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് ഇതിനായി ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) കോടതികളുടെ പ്രവർത്തനം എന്നുമുതൽ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>‘ഗ്രാമ ന്യായാലയങ്ങൾ’</u>

T4812 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

ഈ സർക്കാർ പ്രഖ്യാപിച്ച ‘ഗ്രാമ ന്യായാലയങ്ങൾ’ എത്രയെണ്ണം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

ഗ്രാമീണ നീതിന്യായ കോടതികൾ

T4813 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമീണ നീതിന്യായ കോടതികളെ എങ്ങനെ പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ന്യായാധിപന്മാരുടെയും അനുബന്ധ ജീവനക്കാരുടെയും നിയമനം എങ്ങനെ സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

**ജുഡീഷ്യൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പെൻഷന് പുറമെ പ്രത്യേക അലവൻസ്**

4814 ശ്രീ. ഇ. പി. ജയരാജൻ
'' പി. റ്റി. എ. റഹീം
'' കെ. വി. വിജയദാസ്
'' കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജുഡീഷ്യൽ സർവ്വീസിൽ നിന്നുൾപ്പെടെ വിരമിക്കുന്നവർക്ക് പെൻഷന് പുറമെ പ്രത്യേക അലവൻസ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ, വിശദമാക്കാമോ;

(ബി) ഈ ആവശ്യം ഏതെല്ലാം വിഭാഗങ്ങൾ ഉന്നയിക്കുകയുണ്ടായിട്ടുണ്ട്; ഇതു സംബന്ധിച്ച് കമ്മീഷൻ ശുപാർശകൾ നിലവിലുണ്ടോ; പെൻഷൻ പറ്റുന്ന എല്ലാവർക്കും പ്രത്യേക അലവൻസ് അനുവദിക്കുക എന്ന നയം സർക്കാരിനുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും</u>

T4815 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിലെ പരാമർശങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകരെയും ജനങ്ങളെയും പ്രസ്തുത റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രതികൂലമായി ബാധിക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ ഉള്ളടക്കം എന്താണ്;

(ഡി) കസ്തൂരി രംഗൻ റിപ്പോർട്ടിലെ പരാമർശങ്ങളിൽ ജനങ്ങൾക്കുണ്ടായ സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഇ) ജനവാസകേന്ദ്രങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ക്വാറികളിലെ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുന്നതിന് പദ്ധതി</u>

4816 ശ്രീ. ബെന്നി ബെഹനാൻ
'' കെ. മുരളീധരൻ
'' എ. റ്റി. ജോർജ്
'' റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന ക്വാറികളിലെ ആവാസ വ്യവസ്ഥ പുനസ്ഥാപിക്കുന്നതിന് ബയോഡൈവേഴ്സിറ്റി ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ക്വാറികളിലെ ജലം ശുദ്ധമാക്കി കുടുവെള്ളമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി സഹകരിപ്പിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഇ-വേസ്റ്റ് നിർമ്മാർജ്ജനം</u>

T4817 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേസ്റ്റ് ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് ഏതെല്ലാം പ്രദേശങ്ങളിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം വേസ്റ്റുകൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

4818 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ പദ്ധതികളാണ് ആരംഭിച്ചിട്ടുളളത്;

(ബി) നാദാപുരം നിയോജക മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ</u>

4819 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള കാവുകളും കണ്ടൽക്കാടുകളും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഏതെങ്കിലും മണ്ഡലത്തിൽ നിന്ന് കാവുകൾ സംരക്ഷിക്കുന്നതിന് നൂതനമായ പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് മണ്ഡലത്തിൽ നിന്നെന്ന് അറിയിക്കുമോ; പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകൾ ആയി നിർണ്ണയിക്കപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാം;

(ഡി) ബയോ ഡൈവേഴ്സിറ്റി ഹെറിറ്റേജ് സൈറ്റുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ;

(ഇ) തവന്നൂർ നിയോജകമണ്ഡലത്തിൽ കാവുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രോജക്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ഹൗസ് ബോട്ടുകൾ മൂലമുണ്ടാകുന്ന ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ

4820 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൗസ് ബോട്ടുകൾ പുറത്തുവിടുന്ന മാലിന്യങ്ങൾ പൊതുജനങ്ങൾക്കുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും പഠനവിധേയമാക്കിയിട്ടുണ്ടോ; ഹൗസ് ബോട്ടുകളിലെ ടോയ്‌ലറ്റ് സംവിധാനം എപ്രകാരമുള്ളതാകണമെന്ന് ബന്ധപ്പെട്ട വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങളും പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്ന ഹൗസ് ബോട്ടുകളിലെയും യാത്രാബോട്ടുകളിലെയും ടോയ്‌ലറ്റുകൾ കെമിക്കൽ ടോയ്‌ലറ്റുകളാക്കി പരിസ്ഥിതിയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സംസ്ഥാന പരിശീലന നയം</u>

4821 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാന പരിശീലന നയം പരിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയിലേക്കുള്ള റിക്രൂട്ട്മെന്റ്</u>

4822 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സ്വതന്ത്രവും നീതിപൂർവ്വവുമാണെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്. സി.യുടെ കായികക്ഷമതാപരീക്ഷയിൽ ഉണ്ടായതായ ക്രമക്കേടുകളെയും ആക്ഷേപങ്ങളെയും കുറിച്ച് അന്വേഷിക്കുമോ;

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അഡ്മിഷൻ കാർഡിൽ ന്യൂനതയുള്ളവർക്ക് പരീക്ഷ എഴുതാൻ അവസരം</u>

4823 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 4.5.13 ന് പി.എസ്.സി നടത്തിയ വെറ്ററിനറി സർജൻ ഗ്രേഡ് -2 നിയമനത്തിനായുള്ള പരീക്ഷയിലും 8.6.13 ന് പി.എസ്.സി നടത്തിയ സർക്കാർ കമ്പനികളിലും കോർപ്പറേഷനുകളിലും അസിസ്റ്റന്റ് നിയമനത്തിനായുള്ള പരീക്ഷയിലും ധാരാളം ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ കാർഡിൽ ഫോട്ടോയിൽ പേരും തീയതിയും രേഖപ്പെടുത്താത്തതിനാലും ബാർകോഡ് പതിയാത്തതിനാലും പരീക്ഷ എഴുതാൻ സാധിക്കാതെ വരികയും എഴുതിയവരുടെ പേപ്പറുകൾ തന്നെ മൂല്യനിർണ്ണയം നടത്തുകയുമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രായപരിധി കഴിഞ്ഞവരും ഇനിയൊരു പരീക്ഷയെഴുതാൻ അവസരം ഇല്ലാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയെഴുതാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 8.6.13 ന് കാസർഗോഡ് ജില്ലയിൽ മാറ്റിവെച്ച കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് പരീക്ഷ ഇനി നടത്തുന്ന സമയത്ത് ന്യൂനതകൾ കണ്ടുപിടിക്കപ്പെട്ട പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് കൂടി പരീക്ഷ എഴുതുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ തസ്തികയിലെ നിയമനം</u>

4824 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഡയറക്ടറേറ്റിനു കീഴിലുള്ള മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്ത് കിട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമിക്കുന്നതിന് കാറ്റഗറി നമ്പർ 102/11 ആയി പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഇതുവരെയും റാങ്ക് ലിസ്റ്റ് തയ്യാറാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പി.എസ്.സി-യ്ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ്/പി. എസ്. സി./ലോക്കൽ ഫണ്ട് ആഡിറ്റ് അസിസ്റ്റന്റ് നിയമനം</u>

4825 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്/പി. എസ്. സി./ലോക്കൽ ഫണ്ട് ആഡിറ്റ് അസിസ്റ്റന്റ് നിയമനത്തിൽ പി. എസ്. സി. വഴിയുള്ള ബൈട്രാൻസ്ഫർ നിയമനം 4% ആക്കാനുള്ള സർക്കാർ തീരുമാനം തള്ളിയ പി. എസ്. സി. തീരുമാനത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി. എ സ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) 2013-2014 സാമ്പത്തിക വർഷം എത്ര സെക്രട്ടറിയേറ്റ് റിട്ടയർമെന്റ് വേക്കൻസി ഉണ്ടാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലേക്ക് ബൈട്രാൻസ്ഫർ നിയമനം</u>

4826 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോ പെയിഡ് തസ്തികയിൽ നിന്ന് പി.എസ്.സി വഴി ബൈട്രാൻസ്ഫർ നിയമനം സെക്രട്ടേറിയറ്റ്, പി.എസ്. സി., ലോക്കൽ ഫണ്ട് ആഡിറ്റ് എന്നീ വകുപ്പുകളിലേക്ക് അസിസ്റ്റന്റായി നിയമിക്കുമ്പോൾ ഉദ്യോഗാർത്ഥി അപേക്ഷിച്ചിരുന്ന കാലയളവിലെ പോസ്റ്റിൽ തന്നെ ആയിരിക്കണെമെന്നുണ്ടോ;

(ബി) പ്രസ്തുത കാലയളവിൽ വകുപ്പുതല പ്രൊമോഷനോ, ബൈട്രാൻസ്ഫർ പ്രൊമോഷനോ സ്വീകരിച്ചാൽ അസിസ്റ്റന്റ് നിയമനത്തിന് അയോഗ്യതയായി കണക്കാക്കുമോ; നിലവിൽ അങ്ങനെ ഉത്തരവുകൾ ഉണ്ടെങ്കിൽ അത് ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>2013ല്‍ ഉണ്ടാകാന്‍ സാധ്യതയുള്ള ഒഴിവുകളില്‍ നിയമനം</u>

4827 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013ല്‍ ഉണ്ടാകാന്‍ സാധ്യതയുള്ള ഒഴിവുകള്‍ കണ്ടെത്തി പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്യാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ;

(ബി) എങ്കില്‍ ഈ ഇനത്തില്‍ എത്ര ഒഴിവുകള്‍ പി.എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്;

(സി) റിപ്പോര്‍ട്ട് ചെയ്തതില്‍നിന്ന് എത്ര പേര്‍ക്ക് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണം</u>

4828 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി.എസ്.സി. അംഗങ്ങളെ നിയമിച്ചുവെന്നും അവർ അരെല്ലാമെന്നും അറിയിക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകൾ</u>

4829 ശ്രീ. എം.എ. വാഹീദ്
,, കെ.അച്ചുതൻ
,, അൻവർ സാദത്ത്
,, ആർ.സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന ഓപ്ടിക്കൽ മാർക്ക് റീഡർ പരീക്ഷകളിൽ നെഗറ്റീവ് മാർക്ക് കണക്കാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നെഗറ്റീവ് മാർക്ക് കണക്കാക്കുമ്പോൾ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി പുതിയ സോഫ്റ്റ്‌വെയർ സംവിധാനം ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പി.എസ്.സി. മാനുവൽ പരിഷ്ക്കരണം</u>

4830

ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മാനുവൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്തെല്ലാം പരിഷ്ക്കരണങ്ങളാണ് മാനുവലിൽ വരുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

പി.എസ്.സി.യ്ക്ക് റിപ്പോര്‍ട്ട് ചെയ്ത ഒഴിവുകള്‍

4831 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പി & എ.ആര്‍.ഡിയുടെ 2-4-2013-ലെ 575/അഡ്. സി3/2013/ പി& എ.ആര്‍.ഡി നമ്പര്‍ സര്‍ക്കുലര്‍ പ്രകാരം 2014 വര്‍ഷത്തില്‍ ഉണ്ടാകാവുന്ന എത്ര ഒഴിവുകള്‍ പി. എസ്.സി.ക്ക് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല, തസ്തിക, വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) സര്‍ക്കുലര്‍ നിര്‍ദ്ദേശിക്കുന്ന പ്രകാരം ഏതെല്ലാം വകുപ്പില്‍ നിന്നും ഒഴിവുകള്‍ സംബന്ധിച്ച വിവരം നിര്‍ദ്ദിഷ്ട പ്രൊഫോര്‍മയില്‍ ലഭിച്ചിട്ടുണ്ടെന്ന് പകര്‍പ്പ് സഹിതം വിശദമാക്കാമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ</u>

4832 ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രണ്ട് പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി വന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയ്ക്ക് ഇപ്പോൾ ഒരു പരീക്ഷ മാത്രം നടത്തി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ സെക്രട്ടറി വരെ പ്രൊമോഷൻ ലഭിക്കാവുന്ന ഒരു തസ്തികയിലേയ്ക്ക് ഒരു പരീക്ഷ മാത്രം നടത്തി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത് ഉദ്യോഗാർത്ഥികളുടെ നിലവാരം വിലയിരുത്താൻ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(സി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലെയുള്ള തസ്തികയിലേയ്ക്കുള്ള പരീക്ഷകളിൽ വിവരണാത്മകമായ ചോദ്യങ്ങൾ കൂടി ഉൾപ്പെടുത്താൻ പി.എസ്.സി യ്ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയിലെ പി.എസ്.സി. മുഖേനയുള്ള നിയമനം

4833 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് ഏതൊക്കെ തസ്തികകളിൽ അഡൈ്വസ് നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും നിയമനം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പി. എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടല്‍</u>

4834 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

നിലവിലുള്ള പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി നാലരവര്‍ഷമായി നീട്ടണമെന്ന ശുപാര്‍ശയില്‍ പി.എസ്.സി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റുകളിലായി എത്ര ഉദ്യോഗാര്‍ത്ഥികള്‍ ഉണ്ട്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

4835 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിനുള്ള പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി എന്നിവ വ്യക്തമാക്കാമോ ;

(ബി) വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ഒരു വർഷത്തിനു മേൽ 5 വർഷത്തിനകം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത എത്ര തസ്തികകളുടെ അപേക്ഷകൾ പി.എസ്.സി.യിൽ അവശേഷിക്കുന്നുണ്ട് ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവയിലേക്കുള്ള ലാസ്റ്റ് ഗ്രേഡ് (പ്യൂൺ), വനിത എക്സൈസ് ഗാർഡ്, പോലീസ് കോൺസ്റ്റബിൾ, ലാബ് അസിസ്റ്റന്റ് (ഹയർ സെക്കന്ററി വിദ്യാഭ്യാസം) എന്നീ തസ്തികകളിലേക്ക് അവസാനം വിജ്ഞാപനം പുറപ്പെടുവിച്ച തീയതി, പരീക്ഷാ തീയതി എന്നിവ എന്നായിരുന്നുവെന്ന് വിശദമാക്കാമോ . അവയുടെ ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും ; വിശദമാക്കുമോ ;

(ഡി) താഴ്ന്ന തസ്തികകളിലേക്കുള്ള റാങ്ക് പട്ടിക തയ്യാറാക്കുന്നതിൽ, സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് മാതൃകയിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്റെ മുൻഗണനാക്രമത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ വിവേചനമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം</u>

4836 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത ലിസ്റ്റ് നിലവിൽ വന്നത്; ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എന്നാണ് തീരുന്നത്;

(സി) ഓരോ ജില്ലയിൽ നിന്നും എത്ര പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) എൽ. ഡി. ക്ലാർക്ക് നിയമനത്തിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് ഏകദേശം ഒന്നര വർഷത്തെ കാലാവധി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സാഹചര്യത്തിൽ നിലവിലെ വിജ്ഞാപനം റദ്ദ് ചെയ്ത് പുനർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് പരിഗണിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ലക്ചറർ ഇൻ കെമിസ്ട്രി ഒഴിവുകൾ</u>

4837 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കെമിസ്ട്രി തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) 30.11.2012ലെ 586/12 കാറ്റഗറി പ്രകാരമുള്ള തസ്തികയിലേക്ക് തെരഞ്ഞെടുപ്പ് നടപടിക്രമം ഏത് ഘട്ടത്തിലാണ്;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം എന്നത്തേക്ക് നൽകാൻ കഴിയും എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. എന്നിവയിലേയ്ക്ക് നടന്ന പി.എസ്.സി. പരീക്ഷകൾ**

4838 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 08.06.2013-ന് കെ.എസ്.എഫ്.ഇ., കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേയ്ക്ക് നടന്ന പി.എസ്.സി. പരീക്ഷ കാസർഗോഡ് ജില്ലയിൽ തടസ്സപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്;

(സി) ഇതിനുള്ള കാരണം പരിശോധിച്ച് വീണ്ടും പരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**01.07.2013-ലെ മറുപടിക്ക്**

<u>അസിസ്റ്റന്റ് സർജൻ നിയമനം</u>

T4839 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സർജൻമാരെ നിയമിക്കുന്നതിന് വേണ്ടി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 2 മാസങ്ങൾ കഴിഞ്ഞിട്ടും നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും എപ്പോൾ നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്</u>

4840 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തമിഴും മലയാളവും അറിയാവുന്നവർക്കായി പി.എസ്.സി. നടത്തിയ എൽ. ഡി. ക്ലാർക്ക് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എത്ര പേർക്ക് അഡൈ്വസ് നൽകിയിട്ടുണ്ട്;

(ഡി) ഈ തസ്തികയിലേക്ക് ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത്; ഇതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പുകളാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ഇ) ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നീതിപൂർവ്വം സംരക്ഷിക്കുന്നതിനായി പാലക്കാട്, ചിറ്റൂർ താലൂക്കുകളിലെ സർക്കാർ ഓഫീസുകളിലെ ബന്ധപ്പെട്ട തസ്തികയ്ക്കുള്ള ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

എച്ച്.എസ്.എ. മാത്തമാറ്റിക്സ് കോഴിക്കോട് ജില്ല

4841 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ പി.എസ്.സി. വിജ്ഞാപനം ചെയ്ത എച്ച്.എസ്.എ. മാത്തമാറ്റിക്സ്(കോഴിക്കോട് ജില്ല) തസ്തികയിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത തസ്തികയിലേക്ക് എഴുത്തു പരീക്ഷാ തീയതി നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നാണെന്ന് അറിയിക്കാമോ;

(ഡി) ഈ അധ്യയന വർഷം തന്നെ എഴുത്തുപരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിൽ തസ്തിക മാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം</u>

4842 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തസ്തിക മാറ്റം വഴിയുള്ള എൽ.ഡി. ക്ലാർക്ക് നിയമനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നിലനിൽക്കുന്ന പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചുട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നിയമനം ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>ഡി. പി. സി. യിലൂടെ എസ്. സി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം</u>

4843

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വിവിധ വകുപ്പുകളിൽ ഡി. പി. സി. യിലൂടെ പട്ടികജാതി വിഭാഗത്തിൽ സ്ഥാനക്കയറ്റം ലഭിക്കുവാൻ സാധ്യതയുള്ളവർ എത്രയാണ്;

(ബി) ഡി. പി. സി. യിലെ ഉദ്യോഗസ്ഥരുടെ ഇടപെടൽമൂലം കാലാകാലങ്ങളിൽ നിയമ നടപടികൾ പൂർത്തിയാക്കാതെ സാങ്കേതിക തടസ്സങ്ങൾകൊണ്ട് എസ്. സി. ഉദ്യോഗസ്ഥർക്ക് ആർക്കെങ്കിലും സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഏതെങ്കിലും വകുപ്പിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ;

(സി) കൃഷി ഓഫീസറായി ജോലി ചെയ്തുവരുന്ന ശ്രീ. പളനിയുമായി ബന്ധപ്പെട്ട് എസ്. വി. സി. (5) 45366/08 നമ്പർ പ്രകാരം നടപടി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; ഇതുപ്രകാരം സ്ഥാനക്കയറ്റം ലഭിക്കുന്നതിൽ തടസ്സമുണ്ടോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട്</u>

4844 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസുകളിൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ് സർവ്വീസിലും ബാധകമാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി വ്യക്തി വൈരാഗ്യം തീർക്കുന്നതിനും നിക്ഷിപ്ത താത്പര്യം സംരക്ഷിക്കുന്നതിനുമായി കീഴ്ജീവനക്കാരുടെ സി.ആർ-ൽ 'ഡി' അടയാളപ്പെടുത്തുന്നത് സർക്കാർ സർവ്വീസിൽ ദൂരവ്യാപകമായ കീഴ്വഴക്കങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സർവ്വീസ് സംഘടനകൾ ഇതിനെതിരെ ബന്ധപ്പെട്ട ഉന്നതാധികാരികൾക്ക് പരാതികൾ തന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനത്തിലെ ഉന്നതാധികാരികൾക്കാണ് പരാതി ലഭിച്ചിട്ടുള്ളത്;

(ഡി) ഇതു സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെ പ്രസ്താവനകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ സർവ്വീസിലെ സമാധാനാന്തരീക്ഷവും സുതാര്യതയും, കാര്യക്ഷമതയും നിലനിർത്തുന്നതിന് ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>അനധികൃത നിയമനം</u>

4845 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പല വകുപ്പുകളുടെയും കീഴിലുള്ള സ്ഥാപനങ്ങളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെയുള്ള നിയമനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>സൈനിക പരിശീലന കേന്ദ്രങ്ങൾ</u>

4846 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈന്യത്തിലേക്കും അർധ സൈനിക വിഭാഗത്തിലേക്കും തെരഞ്ഞെടുക്കപ്പെടുന്നതിന് കായിക പരിശീലന കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പുതിയ സൈനിക സ്ക്കൂൾ</u>

T4847 ശ്രീ.റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സൈനിക സ്ക്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ജില്ലയിലാണ്?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ</u>

4848 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏറ്റവും ഒടുവിൽ എപ്പോഴാണെന്നും ഏത് തലത്തിലാണെന്നും വിശദമാക്കുമോ;

(ബി) സസ്യസമ്പത്തിന്റെ സംരക്ഷണത്തിനും ഉപയോഗത്തിനും ലക്ഷ്യമിട്ട പുതിയ പദ്ധതികൾ ഏവ; അവ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; ഈ വർഷം പുതിയ എന്തെല്ലാം സാങ്കേതിക വിദ്യയ്ക്ക് രൂപം നൽകുകയുണ്ടായി;

(സി) ഈ സ്ഥാപനത്തിനായുള്ള നിക്ഷേപവും പ്രയോജനവും വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

4849 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കഴിഞ്ഞ രണ്ട് വർഷം എത്ര പേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ 'ദുരിതാശ്വാസ നിധി' വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ച തുക</u>

4850 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിയമസഭാ നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

4851 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏതെല്ലാം മാര്‍ഗ്ഗങ്ങളിലൂടെയാണ് പണം ലഭിക്കുന്നത് ;

(ബി) 2012-2013 വര്‍ഷത്തില്‍ ഇതുപ്രകാരം എത്ര രൂപയാണ് ലഭ്യമായിട്ടുള്ളത് ;

(സി) എന്തെല്ലാം കാര്യങ്ങള്‍ക്കാണ് ദുരിതാശ്വാസനിധിയില്‍ നിന്നും തുക വിനിയോഗിക്കുന്നതെന്നു വ്യക്തമാക്കുമോ ;

(ഡി) ദുരിതാശ്വാസനിധിയില്‍ നിന്നും 2012-2013 വര്‍ഷത്തില്‍ എന്തു തുകയാണ് സഹായമായി അനുവദിച്ചിട്ടുള്ളത് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത കാലയളവില്‍ എത്ര പേര്‍ക്കാണ് സഹായം ലഭ്യമായിട്ടുളളത് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(എഫ്) സഹായത്തിനായി സമര്‍പ്പിച്ച അപേക്ഷകളില്‍ എത്ര എണ്ണം തിരസ്ക്കരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം
വർദ്ധിപ്പിക്കുവാൻ നടപടി

4852 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ചികിൽസാ ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ സംഭാവന</u>

4853 ശ്രീ. ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ തുടങ്ങിയവർ തങ്ങളുടെ ശമ്പളത്തിൽ നിന്ന് നിശ്ചിത തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുവാൻ തയ്യാറായാൽ ആയത് ശമ്പളത്തിൽ നിന്ന് സ്വീകരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിലേക്ക് നൽകിയ വണ്ടിച്ചെക്കുകൾ</u>

4854 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു ലഭിച്ച എത്ര ചെക്കുകൾ അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയിട്ടുണ്ട് എന്നും അവ ആരൊക്കെ സംഭാവനയായി നൽകിയതാണെന്നും അത്തരത്തിൽ വണ്ടിചെക്ക് മുഖ്യമന്ത്രിക്കു നൽകിയവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ നഷ്ടപരിഹാരത്തിന്റെ മാനദണ്ഡങ്ങൾ</u>

4855 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തരത്തിലുള്ള പ്രകൃതിക്ഷോഭത്തിന് ഇരയായവർക്കാണ് നഷ്ടപരിഹാരമായി ധനസഹായം നൽകുന്നത്;

(ബി) നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ഇടിമിന്നൽ പ്രകൃതിക്ഷോഭത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം</u>

4856 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജൂൺ 10 നും 12നും പയ്യോളിക്കും ഇരിങ്ങലിനും ഇടയിൽ ദേശീയ പാതയിലുണ്ടായ 2 വാഹനഅപകടങ്ങളിൽ 7 പേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര രൂപയാണ് ;

(ഡി) ഇല്ലെങ്കിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും പരിക്കുപറ്റി ആശുപത്രിയിൽ കഴിയുന്നവർക്കും അടിന്തരസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

തീരദേശ സംരക്ഷണ വിജ്ഞാപനം

4857

ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണ വിജ്ഞാപനം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) തീരദേശ വിജ്ഞാപനത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനങ്ങൾ നടപ്പാക്കുന്നതിന് തുടർനടപടികളില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

### അന്തർ സംസ്ഥാന നദീജല പ്രശ്നങ്ങൾ

4858 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' വി. ചെന്താമരാക്ഷൻ
'' കെ. കെ. ജയചന്ദ്രൻ
'' കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനത്തെ സംവിധാനങ്ങൾ എന്തൊക്കെയാണ്; ഇവയുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം നദീജല പ്രശ്നങ്ങളാണിപ്പോൾ അവശേഷിക്കുന്നതെന്നും ഓരോ പ്രശ്നവും ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും വെളിപ്പെടുത്താമോ;

(സി) നദീജലപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഫലപ്രദമാണോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>നദീജലകരാറുകള്‍</u>

4859 ശ്രീ.എം.ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനം ഏതെല്ലാം നദീജലകരാറുകളില്‍ ഉള്‍പ്പെട്ടിട്ടുണ്ട്; വിശദാംശം നല്‍കുമോ;

(ബി) പ്രസ്തുത കരാറുകളുടെ അടിസ്ഥാനത്തില്‍ ലഭിക്കേണ്ട ജലം പൂര്‍ണ്ണമായ തോതില്‍ നേടിയെടുക്കാന്‍ സാധിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ഓരോ കരാര്‍ പ്രകാരവും ലഭിച്ച ജലത്തിന്റെ അളവും യഥാര്‍ത്ഥത്തില്‍ ലഭിക്കേണ്ട ജലത്തിന്റെ അളവും തമ്മിലുള്ള താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 01.07.2013–ലെ മറുപടിക്ക്

## പറമ്പിക്കുളം ആളിയാർ സംയുക്ത ജലക്രമീകരണ ബോർഡ് യോഗ തീരുമാനം

T-4860 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം ആളിയാർ സംയുക്ത ജലക്രമീകരണ ബോർഡ് യോഗ തീരുമാനപ്രകാരം പ്രതിദിനം എത്ര ടി.എം.സി. വെള്ളമാണ് തമിഴ്നാട് കേരളത്തിന് വിട്ടുതരേണ്ടത്;

(ബി) ഈ ഉറപ്പ് പ്രകാരം 1–5–2013 മുതൽ 31–5–2013 വരെ എത്ര തവണ തമിഴ്നാട് കരാർ ലംഘിച്ചു;

(സി) മണക്കടവു മുതൽ മൂലത്തറ വരെ ഇപ്രകാരം കേരളത്തിന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിലെ കർഷകർ തന്നെ ഊറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം ആളിയാർ ഡാം വെള്ളം ചിറ്റൂർ പുഴ വഴി ഭാരതപ്പുഴയിൽ എത്താത്തതു നിമിത്തം ഭാരതപ്പുഴയിൽ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിന് ആളിയാർ ഡാമിൽ നിന്നും ലഭിക്കേണ്ട ജലം കൃത്യമായി ലഭിക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>അപ്പർ ഷോളയാറിൽ നിന്നും, കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് നടപടി</u>

T-4861 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ആളിയാർ–പറമ്പിക്കുളം കരാറിന്റെ ഭാഗമായി തമിഴ്നാട് സർക്കാരിന്റെ അധീനതയിലുള്ള അപ്പർ ഷോളയാറിൽ നിന്നും, കേരള ഷോളയാറിലേയ്ക്ക് വെള്ളം ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചത് എന്നും, എത്ര അളവ് വെള്ളം ഇതിന്റെ ഭാഗമായി ലഭ്യമായി എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>സോളാർ തട്ടിപ്പുകേസിലെ പ്രതിയുമായി മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ച</u>

4862 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പുകേസിലെ പ്രതി ബിജു രാധാകൃഷ്ണനുമായി ഏതു തീയതിയിലാണു എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ വെച്ച് മുഖ്യമന്ത്രി സംസാരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) 2012 ഡിസംബർ മാസത്തിൽ ഡൽഹി വിജ്ഞാൻ ഭവനിൽ ദേശീയ വികസന സമിതി യോഗം ഏതു തീയതിയിലാണ് ചേർന്നതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>എന്റെ മരം പദ്ധതി</u>

4863 ശ്രീ. വര്‍ക്കല കഹാര്‍
,, ഹൈബി ഈഡന്‍
,, ലൂഡി ലൂയിസ്
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എന്റെ മരം പദ്ധതിയുടെ ലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ബി) കൃത്രിമവനം സൃഷ്ടിക്കുന്നതിനും വിദ്യാര്‍ത്ഥികള്‍ക്ക് വനസംരക്ഷണത്തിന് താല്‍പര്യമുണ്ടാക്കുന്നതിനുമായി എന്തെല്ലാം പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) എവിടെയൊക്കെ പദ്ധതി നടപ്പാക്കിവരുന്നു; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>വനത്തിന്റെ വിസ്തീർണ്ണം</u>

4864 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റപ്പോൾ എത്ര ഹെക്ടർ വനമാണ് സംസ്ഥാനത്തുണ്ടായിരുന്നത് ;

(ബി) ഇപ്പോൾ ആയതിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>സാമൂഹ്യ വനവത്ക്കരണ പദ്ധതി</u>

4865 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തു; ആയതിന് എന്ത് തുക ചെലവാക്കി; വ്യക്തമാക്കുമോ;

(ബി) വിതരണം ചെയ്ത വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; അറിയിക്കുമോ;

(സി) ഈ കാലയളവിനുള്ളിൽ വിതരണം ചെയ്ത തൈകളിൽ എത്രയെണ്ണം നിലനിൽക്കുന്നുണ്ട്; പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വന മേഖലയിലെ പ്ലാന്റേഷൻ പ്രവർത്തനങ്ങൾ</u>

4866 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി
'' എം. ഉമ്മർ
'' പി. കെ. ബഷീർ
'' എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വന മേഖലയിൽ പ്ലാന്റേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ആവശ്യകതയും, മാനദണ്ഡവും വ്യക്തമാക്കുമോ;

(ബി) സ്വാഭാവിക വനമേഖലയിൽ ക്ലിയർ ഫെല്ലിംഗ് നടത്തി പ്ലാന്റേഷൻ നടത്താറുണ്ടോ;

(സി) വ്യാവസായിക ആവശ്യങ്ങൾക്കായി പ്ലാന്റേഷൻ നടത്തുന്നതു് ഏതെല്ലാം മരങ്ങളാണെന്നും, ഏതൊക്കെ സ്ഥാപനങ്ങൾക്കു വേണ്ടിയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിൽ വനം വച്ചുപിടിപ്പിക്കൽ</u>

4867 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വനം വച്ചുപിടിപ്പിക്കുന്നതിനായി വനം വകുപ്പിൽ നിന്നും ഏതൊക്കെ സംഘടനകളും വ്യക്തികളുമാണ് പണം കൈപ്പറ്റിയത്;

(ബി) ഓരോ സംഘടനയും, വ്യക്തിയും എപ്പോഴൊക്കെ എന്ത് തുക വീതം കൈപ്പറ്റി; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പണം കൈപ്പറ്റിയ വ്യക്തികളും സംഘടനകളും എവിടെയൊക്കെ എത്ര അളവിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വനം വകുപ്പിന്റെ ഗസ്റ്റ്ഹൗസുകൾ ഉപയോഗിക്കുന്നതിന് നിയന്ത്രണം</u>

4868 ശ്രീ. സി. കെ. നാണു
'' മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഗസ്റ്റ് ഹൗസുകൾ അതിഥികൾ ഉപയോഗിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തൊക്കെ; വ്യക്തമാക്കാമോ;

(ബി) നിയന്ത്രണങ്ങൾ ഏർപ്പെടുത്താനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിയന്ത്രണം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നു മുതൽ നിലവിലില്ലാതായി എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അതിരപ്പിള്ളിയിൽ വനം വകുപ്പിന്റെ ആംബുലൻസ്</u>

4869 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ അതിരപ്പിള്ളി, വാഴച്ചാൽ, പെരിങ്ങൽകുത്ത്, മലക്കപ്പാറ ഉൾപ്പടെയുള്ള ആദിവാസി മേഖലയിലെ ജനങ്ങൾക്കും, ടൂറിസ്റ്റുകൾക്കും അടിയന്തിര മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനായി വാഴച്ചാൽ കേന്ദ്രമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ആംബുലൻസും, മെഡിക്കൽ ടീമും വനം വകുപ്പിന്റെ കീഴിൽ അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

വനം വകുപ്പിൽ വാങ്ങിയ വാഹനങ്ങൾ

4870 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കഴിഞ്ഞ രണ്ടു വർഷത്തിനുളളിൽ എത്ര വാഹനങ്ങൾ പുതിയതായി വാങ്ങിയിട്ടുണ്ടെന്നും വാങ്ങിയത് ഏതൊക്കെ വാഹനങ്ങളായിരുന്നുവെന്നും വാങ്ങിയ വാഹനങ്ങൾ ആർക്കൊക്കെയാണ് അലോട്ട് ചെയ്തിട്ടുളളതെന്നും വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിലെ ഓരോ സ്റ്റേഷനുകൾക്കും അലോട്ട് ചെയ്തിട്ടുളള വാഹനങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും പഴക്കവും വെളിപ്പെടുത്തുമോ;

(സി) വാഹനങ്ങൾ അലോട്ട് ചെയ്യുന്നതിനുളള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പാലപ്പിള്ളി പിള്ളത്തോട് ചെക്ക് ഡാമിന് വനം വകുപ്പിന്റെ അനുമതി</u>

4871 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി വരന്തരപ്പിള്ളി പഞ്ചായത്തിലെ പാലപ്പിള്ളി പിള്ളത്തോട് ചെക്ക്ഡാം പണിയുന്നതിന് വനം വകുപ്പ് അനുമതി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അനുമതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിലെ തടസം</u>

4872 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫോറസ്റ്റ് സ്റ്റേഷന് കെട്ടിടങ്ങൾ പണി പൂർത്തീകരിച്ചിട്ടും സ്റ്റേഷൻ ആരംഭിക്കാതെയു ളളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുളളത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>മരാധിഷ്ഠിത വ്യവസായങ്ങൾ</u>

4873 ശ്രീ. ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുളളത്; വിശദമാക്കുമോ;

(ബി) അപേക്ഷകളുടെ വെരിഫിക്കേഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) നിരാക്ഷേപപത്രം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ലഘൂകരിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വനാതിർത്തിക്കുള്ളിലെ റോഡുകളുടെ പുനരുദ്ധാരണം</u>

4874 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013 വർഷങ്ങളിൽ സംസ്ഥാനത്തെ വനാതിർത്തിക്കുള്ളിലെ റോഡുകൾ പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പ്രവൃത്തികൾ നടത്തിയതെന്നും, പ്രവൃത്തിയുടെ പേരും അനുവദിക്കപ്പെട്ടതോ ചെലവായതോ ആയ തുകയുടെയും വിശദാംശങ്ങൾ ജില്ല തിരിച്ച് പറയാമോ ;

(സി) എല്ലാ ജില്ലകളിലെയും വനം റോഡുകൾ ഈ കാലയളവിൽ പുനരുദ്ധരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണി തടയുന്നതിന് നടപടി</u>

4875 ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി
'' എൻ. എ. നെല്ലിക്കുന്ന്
'' എൻ. ഷംസുദ്ദീൻ
'' സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം മേഖലയോട് ചേർന്ന പ്രദേശങ്ങളിലും ചെറുപട്ടണങ്ങളിലും ജനജീവിതത്തിന് വന്യമൃഗങ്ങൾ ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നം ഗൗരവപൂർവ്വം പരിഗണിക്കപ്പെട്ടിട്ടുണ്ടോ;

(ബി) വനത്തിനുള്ളിൽ കഴിയുന്ന ഹിംസ്രമൃഗങ്ങൾ വനപ്രദേശങ്ങൾ വിട്ട് ജനവാസകേന്ദ്രങ്ങളിൽ എത്തിപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിലവിലെ വനമേഖല വന്യമൃഗജീവിതത്തിന് അനുയോജ്യമാക്കി നിലനിർത്തുന്നതിനും, ജനജീവിതമേഖലകളിൽ അവയുടെ കടന്നകയറ്റം തടഞ്ഞ് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമുള്ള പ്രായോഗിക നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>എലിഫെന്റ് വെൽഫെയൽ ബോർഡ് രൂപീകരണം</u>

4876 ശ്രീ. മുല്ലക്കര രത്നാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എലിഫെന്റ് വെൽഫെയർ ബോർഡ് രൂപീകരിക്കാനുള്ള നടപടികൾ ആയിട്ടുണ്ടോ; ഈ ബോർഡിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ആനത്തൊഴിലാളികളായി സംസ്ഥാനത്ത് മൊത്തം എത്ര പേരുണ്ട്; ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണം</u>

4877 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വന്യജീവി ആക്രമണത്തിന് ഇരയായവർക്ക് വിതരണം ചെയ്ത ധനസഹായം ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>അഴിമതി നടത്തിയ വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടി</u>

4878 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം അഴിമതി നടത്തിയതു കാരണം എത്ര വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേര് , തസ്തിക, അച്ചടക്ക നടപടി സ്വീകരിക്കാനുണ്ടായ കാരണം എന്നിവ വിശദമാക്കുമോ ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

<u>ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊബേഷൻ</u>

4879 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 30.08.2010-ലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികയിലേയ്ക്കുള്ള യോഗ്യത പരിഷ്കരിച്ച് സ്പെഷ്യൽ റൂൾ നടപ്പിലാക്കിയശേഷം പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് സ്പെഷ്യൽ റൂൾ പ്രകാരം നിയമിതരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മേൽവിഷയം സംബന്ധിച്ച് 11.04.2013-ന് അഡീഷണൽ ഫോറസ്റ്റ് സെക്രട്ടറിയുടെ 'അടിയന്തിരം' എന്ന പരിഗണന നൽകി പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർക്ക് (അഡ്മിനിസ്ട്രേഷൻ) നൽകിയ കത്തിന്റെ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരത്തിൽ അടിയന്തിര പ്രാധാന്യമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം വരുത്തുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസിനുള്ള ഒരുക്കങ്ങൾ</u>

4880 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ ഒരുക്കങ്ങൾ ഏതുവരെയെത്തി എന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസ് നടത്തിപ്പിന്നായി ഇതുവരെ എത്ര തുക ചെലവഴിച്ചു എന്നും ഇതിൽ ഓരോ വേദികളുടെ നവീകരണത്തിനു വേണ്ടി എത്ര തുക വീതം എന്നും വ്യക്തമാക്കുമോ;

(സി) ദേശീയ ഗെയിംസ് നടത്തിപ്പിനുള്ള ചെലവുകൾ ഏതൊക്കെ ഏജൻസികളാണ് വഹിക്കുന്നതെന്നും ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) ദേശീയ ഗെയിംസ് നടത്താനുദ്ദേശിക്കുന്ന വേദികൾ ഏതൊക്കെയെന്നും ഏതൊക്കെ മത്സരങ്ങളാണ് പ്രസ്തുത വേദികളിൽ നടത്തുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

ദേശീയ ഗെയിംസ് നടത്തിപ്പിന് ചുമതലകള്‍ നല്‍കിയിട്ടുള്ള മുന്‍താരങ്ങള്‍

4881

ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് കേരളത്തിലെ മുന്‍താരങ്ങളില്‍ ആര്‍ക്കൊക്കെ ഏതൊക്കെ ചുമതലകള്‍ നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജൂണ്‍ മാസം വിരമിക്കാനിരിക്കുന്ന കണ്ണൂര്‍ ഐ. ജി. ജോസ് ജോര്‍ജ്ജിന് ഗെയിംസ് നടത്തിപ്പ് ചുമതല നല്‍കാന്‍ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ ഇങ്ങനെ ഒരു കാര്യം ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസിനുള്ള താരങ്ങളെ തെരഞ്ഞെടുക്കല്‍</u>

4882 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തില്‍ നടക്കാന്‍ പോകുന്ന ദേശീയ ഗെയിംസില്‍ കേരളത്തിന് വേണ്ടി പങ്കെടുക്കുന്ന കായിക, ഗെയിംസ് താരങ്ങളെ തെരഞ്ഞെടുത്തോ;

(ബി) കേരള താരങ്ങളെ തെരഞ്ഞെടുത്ത് ആ താരങ്ങള്‍ക്ക് മികച്ച പരിശീലനം നല്‍കുന്നതിന് മാത്രമായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 01.07.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് നടക്കാവ് സിന്തറ്റിക് ടർഫ് ഗ്രൗണ്ട്</u>

4883 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ അനുവദിച്ച സിന്തറ്റിക് ടർഫ് ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 01.07.2013-ലെ മറുപടിക്ക്

<u>പാലാവയലിൽ നീന്തൽ കുളം</u>

4884

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയലിൽ നീന്തൽ കുളം നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിരുന്നുവെങ്കിലും പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2013-ലെ മറുപടിക്ക്

## കെ. എഫ്. ഡി. സി. സിനി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

4885 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എഫ്.ഡി.സി സിനി അസിസ്റ്റന്റ് തസ്തികയിലേക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരമുള്ള അംഗീകൃത ഒഴിവുകൾ എത്രയുണ്ട് ; ഇതിൽ എത്ര പേർ സ്ഥിരനിയമിതരായുണ്ട് ; ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട് ; സംവരണ കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(സി) റാങ്ക് ലിസ്റ്റ് നിലനിൽക്കേ ദിവസവേതനക്കാർ അതേ തസ്തികയിൽ തുടരുന്നത് 2013 ഏപ്രിൽ 2-ലെ പി & എ. ആർ. ഡി. നമ്പർ 5755/അഡ്വൈ.സി3/2013 സർക്കുലറിന്റെ ലംഘനമാണോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് ഇതുവരെ എസ്. സി./എസ്. ടി. വിഭാഗക്കാരെ റാങ്ക് ലിസ്റ്റിൽ നിന്നും നിമയനം നടത്തിയിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?